നമ്പർ. ബി1/2787/റ്റി.സി./2014. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി,

## സർക്കുലർ നമ്പർ 07/2014

വിഷയം: മോട്ടോർ വാഹന വകുപ്പ് — ഫൈനാൻസ് ആക്ട് 2014 — നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന: 1. 2014 ലെ ഫൈനാൻസ് ആക്ട്
2. ഈ ഓഫീസിൽ നിന്നുള്ള 02/2014, 03/2014 എന്നീ സർക്കുലറുകൾ

2014 ലെ ഫൈനാൻസ് ആക്ടിന്റെ പകർപ്പ് ഇതൊടൊപ്പം അയയ്ക്കുകയാണ്. പ്രസ്തുത ഫൈനാൻസ് ആക്ടിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരമുള്ള സർക്കുലറുകൾക്ക് തുടർച്ചയായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകുകയാണ്

1. വാഹനങ്ങളുടെ പർച്ചേസ് വാല്യൂന്റെ നിർവ്വചനത്തിൽ VAT, CESS, Excise/ Custom Duty എന്നിവ ഉൾപ്പെടുത്തികൊണ്ട് മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിലെ 2(e) വകുപ്പ് 01-04-2007 മുതലുള്ള മുൻകാല പ്രാബല്യത്തോടെ പുന:നിർവ്വചിച്ചിട്ടുണ്ട്. ആയതിനാൽ വാഹനങ്ങളുടെ പർച്ചേസ് വാല്യൂവിൽ VAT, CESS, Excise/ Custom Duty ഉൾപ്പെടുത്തേണ്ടതും വാഹന ഡീലർമാർ നൽകുന്ന Discount/Rebate തുടങ്ങിയ പർച്ചേസ് വാല്യൂവിൽ നിന്നും ഒഴിവാക്കുവാൻ പാടില്ലാത്തതുമാകുന്നു. ഷെഡ്യൂളിലെ പുതുക്കിയ Annexure I പ്രകാരം മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ.
2. വാഹനങ്ങളുടെ ടാക്സ് സ്വീകരിക്കുന്നതിന് കാലാവധിയുള്ള ഇൻഷുറൻസ് സർട്ടിഫിക്കേറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥ പുന:സ്ഥാപിച്ചിട്ടുണ്ട്.
3. പഴയ മോട്ടോർ ക്യാബുകളുടെയും പഴയ ടൂറിസ്റ്റ് മോട്ടോർക്യാബുകളുടെയും 3000 കിലോ ഗ്രാം വരെ

ഗ്രോസ് വെഹിക്കിൾ വെയ്റ്റ് (GVW) ഉള്ള പഴയ ചരക്കുവാഹനങ്ങളുടെയും നികുതി 5 വർഷത്തേക്കോ, ഒരു വർഷത്തേക്കോ വാഹന ഉടമകളുടെ ഇഷ്ടാനുസരണം സ്വീകരിക്കേണ്ടതാണ്. എന്നാൽ പുതിയ മോട്ടോർ ക്യാബുകൾക്കും, ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും ടാക്സേഷൻ ഷെഡ്യൂളിലെ Annexure I പ്രകാരം ഒറ്റത്തവണ നികുതി മാത്രമേ സ്വീകരിക്കുവൻ പാടുള്ളൂ. എന്നാൽ കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ഈ വാഹനങ്ങൾക്ക് നിലവിൽ 5 വർഷത്തേക്ക് എടുത്തുകൊണ്ടിരിക്കുന്ന നികുതി തുടർന്നും സ്വികരിക്കേണ്ടതാണ്. പുതിയ ചരക്ക് വാഹനങ്ങൾക്ക് (3000 കിലോ ഗ്രാം വരെ GVW ഉള്ളവ്) 5 വർഷത്തേക്ക് Annexure II പ്രകാരം 'ലംസ്സം ടാക്സ്' സ്വീകരിക്കേണ്ടതാണ്.

4. ഫൈനാൻസ് ബിൽ പ്രകാരം കൊണ്ടുവന്ന ലക്ഷറി ടാക്സിക്കുള്ള നിർവ്വചനം ഫൈനാൻസ് ആക്റ്റ് വഴി ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ 1500 സി സി യോ അതിൽ കൂടുതലോ ക്യൂബിക് കപ്പാസിറ്റിയുള്ള ടാക്സി വാഹനങ്ങൾ (ലക്ഷറി ടാക്സി) ക്കുള്ള നികുതി മോട്ടോർ ക്യാബുകളുടെയും , ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെയും നിരക്കിൽ 1 വർഷത്തേക്കോ, 5 വർഷത്തേക്കോ വാഹന ഉടമകളുടെ ഇഷ്ടാനുസരണം അടയ്ക്കാവുന്നതാണ്. അതായത് എല്ലാത്തരം മോട്ടോർ ക്യാബുകൾക്കും 5 വർഷത്തേക്കാണെങ്കിൽ 7000രൂപ നിരക്കിലും 1 വർഷത്തേക്കാണെങ്കിൽ 1400 രൂപ നിരക്കിലും എല്ലാത്തരം ടൂറിസ്റ്റ് മോട്ടോർ ക്യാബുകളുടെയും നികുതി 5 വർഷത്തേക്കാണെങ്കിൽ 8500 രൂപ നിരക്കിലും 1 വർഷത്തേക്കാണെങ്കിൽ 1700 രൂപ നിരക്കിലും സ്വീകരിക്കേണ്ടതാണ്.

5. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തിനകത്തും സ്പെഷ്യൽ പെർമിറ്റ് എടുത്ത് സംസ്ഥാനത്തിന് പുറത്തേക്കും സർവ്വീസ് നടത്തുന്ന കോൺട്രാക്റ്റ് ക്യാരേജുകളുടെ നികുതി ഫൈനാൻസ് ആക്റ്റ് വഴി താഴെ പറയുന്ന നിരക്കിൽ പുതുക്കിയിട്ടുണ്ട്

| ക്രമനം. | വാഹനത്തിന്റെ ഇനം | ഓർഡിനറി | പുഷ്ബാക്ക് | സ്ലീപ്പർ ബർത്തുള്ള |
|---|---|---|---|---|
| 1 | 7 മുതൽ 12 വരെ യാത്രക്കാരുള്ളവ - ഓരോ യാത്രക്കാരനും | 310 | 500 | 1000 |
| 2. | 13 മുതൽ 20 വരെ യാത്രക്കാരുള്ളവ - ഓരോ യാത്രക്കാരനും | 530 | 750 | 1500 |
| 3. | 20 ന് മുകളിൽ യാത്രക്കാരുള്ളവ - ഓരോ യാത്രക്കാരനും | 750 | 1000 | 2000 |

6. മേൽപ്പറഞ്ഞ വാഹനങ്ങളുടെ നികുതി നിരക്കുകൾ 01-04-2014 മുതൽ ആണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. ആയതിനാൽ 01-04-2014 മുതൽ കൂടിയ നിരക്കിൽ വാങ്ങിയിട്ടുള്ള നികുതികൾ അവർ വീണ്ടും നികുതി അടയ്ക്കുവാൻ വരുമ്പോൾ അഡ്ജസ്റ്റ് (adjust) ചെയ്ത് നൽകേണ്ടതാണ്.

7. വാഹനങ്ങളുടെ നികുതി വർദ്ധിപ്പിച്ചിട്ടും പുതിയ മോട്ടോർ ക്യാബ്, ടൂറിസ്റ്റ് മോട്ടോർ ക്യാബ് എന്നിവയ്ക്ക് ഒറ്റത്തവണ നികുതി ഏർപ്പെടുത്തിയിട്ടും വകുപ്പിന്റെ നികുതി വരുമാനം കുറഞ്ഞു വരുകയാണ്. വാഹന ഉടമകൾ നികുതി അടയ്ക്കുവാൻ വിമുഖത പ്രകടിപ്പിക്കുന്നതാണ് ഇതിന് പ്രധാന കാരണം. ആയതിനാൽ നികുതി അടയ്ക്കാത്ത വാഹനങ്ങൾ പ്രത്യേകിച്ചും കഴിഞ്ഞ സാമ്പത്തിക വർഷം വരെ നികുതി അടച്ചശേഷം ഈ വർഷം നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ സർവ്വീസ് കൃത്യമായ പരിശോധിക്കേണ്ടതും ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കേണ്ടതുമാണ്.

8. ഒരു കോൺട്രാക്ട് ക്യാരേജ് വാഹനം ഓർഡിനറി സീറ്റുകൾ ഘടിപ്പിച്ച് പരിശോധനയ്ക്ക് ഹാജരാകുമ്പോൾ അതിൽ സീറ്റുകളുടെ എണ്ണം പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയെ

ഓർഡിനറി സീറ്റുകൾ ഉള്ള കോൺട്രാക്ട് ക്യാരേജിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഇത്തരം വാഹനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഇടയ്ക്കിടയ്ക്ക് പരിശോധന നടത്തേണ്ടതും വാഹന നമ്പർ ഉൾപ്പെടെയുള്ള പരിശോധനാ റിപ്പോർട്ട് ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ഈ വാഹനങ്ങളിൽ അനുമതിയില്ലാതെ പുഷ് ബാക്ക് സീറ്റുകൾ ഘടിപ്പിച്ചിട്ടുള്ളതായി പരിശോധനാസമയത്ത് ശ്രദ്ധയിൽപ്പെട്ടാൽ 01-04-2014 മുതൽ പുഷ് ബാക്ക് സീറ്റുകളുടെനിരക്കിൽ നികുതി സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്